(ബി) 3-6-2008-ൽ ഇ 1913/2008 നമ്പർ പ്രകാരം ഇറക്കിയ പ്രൊമോഷൻ ഉത്തരവ് ഏത് സർവീസ് റൂൾ പ്രകാരമായിരുന്നു എന്ന് വിശദമാക്കുമോ ;

(സി) 3-6-2008-ലെ ഉത്തരവ് പ്രകാരം നടത്തിയ പ്രൊമോഷൻ നിലവിലെ ചട്ടപ്രകാരം ക്രമവിരുദ്ധമാണെന്ന് പരാതിയുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 29-8-2005-ലെ ജി.ഒ.(എം.എസ്) നമ്പർ.132/2005 ഉന്നത വിദ്യാഭ്യാസം ഇപ്പോൾ നിലവിലുണ്ട്.

(ബി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ 28-ാം ഗവേണിംഗ് ബോഡിയുടെ നിർദ്ദേശപ്രകാരം 29-8-2005-ലെ ജി.ഒ.(എം.എസ്) നമ്പർ.132/2005 ഉന്നതവിദ്യാഭ്യാസം നമ്പർ പ്രകാരമുള്ള സർവ്വീസ് റൂൾസ് ചാപ്റ്റർ 3 പാരാ 7 (iii) അനുസരിച്ച് ഇന്റേണൽ സെലക്ഷൻ പ്രകാരമാണ് പ്രൊമോഷൻ ഉത്തരവ് നടത്തിയിട്ടുള്ളത്.

(സി) ക്രമവിരുദ്ധമാണെന്ന പരാതി ഇല്ല.

ഓപ്പൺ സർവ്വകലാശാല

118 (3873) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഒരു ഓപ്പൺ സർവ്വകലാശാല ആരംഭിച്ചാൽ അത് സ്വദേശികൾക്കും പ്രവാസികൾക്കും ഗുണം ചെയ്യുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രവാസികളുടെ പഠന സൗകര്യം കൂടി കണക്കിലെടുത്ത് ഓപ്പൺ സർവ്വകലാശാല ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച് പഠിച്ച് സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

സെൽഫ് ഫിനാൻസ് എഞ്ചിനീയറിംഗ് കോളേജുകളിലെ അഡീഷണൽ ബാച്ചുകൾ

119 (3874) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയുടെ പരിധിയിലുള്ള എത്ര സെൽഫ് ഫിനാൻസ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ അദ്ധ്യയന വർഷം അഡീഷണൽ ബാച്ചുകൾ അനുവദിക്കുകയുണ്ടായി ; ഇത് ഏതെല്ലാം കോളേജുകളിൽ ഏതൊക്കെ കോഴ്സുകൾ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോളേജുകളിൽ ഈ വിധത്തിൽ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ പരിശോധന നടത്തുകയുണ്ടായി ; ഈ പരിശോധന നടത്തിയത് ആരാണ് ;

(സി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള എത്ര സെൽഫ് ഫിനാൻസ് എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിച്ചു ; ഈ കോഴ്സുകൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് എന്തൊക്കെ പരിശോധന നടത്തിയ ശേഷമാണ് ഇത് അനുവദിച്ചത് ?

ഉത്തരം.

(എ&ബി) കേരള സർവ്വകലാശാലയുടെ പരിധിയിലുള്ള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ അദ്ധ്യയന വർഷം അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടില്ല.

(സി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള താഴെപ്പറയുന്ന സ്വാശ്രയ കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കുന്നുണ്ട്.

(1) ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്, തിരുവനന്തപുരം - എം.ടെക് (മെഷീൻ ഡിസൈൻ) - 18 സീറ്റ്

(2) ശ്രീബുദ്ധ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാറ്റൂർ, ആലപ്പുഴ

(i) എം.ടെക് (ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻസ് - എംബെഡഡ് സിസ്റ്റംസ്) - 18 സീറ്റ്

(ii) എം.ടെക് ബയോടെക്നോളജി (മോളിക്കുലാർ മെഡിസിൻ) - 18 സീറ്റ്

ബന്ധപ്പെട്ട വിഷയത്തിലുള്ള വിദഗ്ധർ ഉൾപ്പെടെയുള്ള സമിതി നിർദ്ദിഷ്ട കോഴ്സുകൾ തുടങ്ങുവാൻവേണ്ട അടിസ്ഥാന സൗകര്യങ്ങൾ അതതു കോളേജുകളിൽ ഉണ്ടോയെന്ന് വേണ്ടവിധം പരിശോധന നടത്തി അതിന്റെ വെളിച്ചത്തിലാണ് സർവ്വകലാശാല ഈ കോഴ്സുകൾ തുടങ്ങുവാനുള്ള അനുമതി നൽകിയത്.

ബി.എ. ഇംഗ്ലീഷ് പരീക്ഷയുടെ മാർക്ക്‌ലിസ്റ്റ്

120 (3875) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സർവ്വകലാശാലയിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന നടത്തുന്ന ബി. എ. ഇംഗ്ലീഷ് 2009 സെപ്റ്റംബർ പരീക്ഷയുടെ ഫലം ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly